**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5339** **15-03-2023 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ; | (എ) | **അനുബന്ധം I ആയി ചേർത്തിരിക്കുന്നു** |
| (ബി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ; | (ബി) | **അനുബന്ധം IIആയി ചേർത്തിരിക്കുന്നു** |
| (സി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/ താൽക്കാലിക/ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (സി) | **വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധ പദ്ധതികളുടെ ഭാഗമായി കരാർ വ്യവസ്ഥയിൽ 12 പേർ ജോലി ചെയ്യുന്നുണ്ട്. വിശദാംശം അനുബന്ധം IIIആയി ചേർത്തിരിക്കുന്നു** |
| (ഡി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ? | (ഡി) | **അനുബന്ധം IVആയി ചേർത്തിരിക്കുന്നു** |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

<u>വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ</u>

| **ഓഫീസിന്റെ പേര്** | **മേൽവിലാസം** | **ഇ-മെയിൽ ഐ.ഡി** | **ഔദ്യോഗിക ഫോൺ നം.** |
|---|---|---|---|
| പ്രിൻസിപ്പൽ കൃഷി ഓഫീസ് | 5 –ാം നില, സിവിൽ സ്റ്റേഷൻ കുടപ്പനക്കുന്ന് , തിരുവനന്തപുരം | paotvpm@gmail.com | 0471-2733334 9383470700 |
| പ്രൊജക്റ്റ് ഡയറക്ടർ (ATMA) | 5 –ാം നില, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം | atmatvm@gmail.com | 9383471980 |
| ഡെപ്യൂട്ടി ഡയറക്ടർ (WM) | പ്രിൻസിപ്പൽ കൃഷി ഓഫീസ് | ddawmtvpm@gmail.com | 9383470084 |
| ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) | പ്രിൻസിപ്പൽ കൃഷി ഓഫീസ് | tvmddanwdpra@gmail.com | 9383470085 |
| ഡെപ്യൂട്ടി ഡയറക്ടർ(C) | പ്രിൻസിപ്പൽ കൃഷി ഓഫീസ് | ddactvpm@gmail.com | 9383470086 |
| ഡെപ്യൂട്ടി ഡയറക്ടർ (YP) | പ്രിൻസിപ്പൽ കൃഷി ഓഫീസ് | ddayp2021tvm@gmail.com | 9383470087 |
| ഡെപ്യൂട്ടി ഡയറക്ടർ (E&T) | പ്രിൻസിപ്പൽ കൃഷി ഓഫീസ് | ddettvpm@gmail.com | 9383470089 |
| ഡെപ്യൂട്ടി ഡയറക്ടർ (H) | പ്രിൻസിപ്പൽ കൃഷി ഓഫീസ് | dhmtvm@gmail.com | 9383470090 |
| ഡെപ്യൂട്ടി പ്രൊജക്റ്റ് ഡയറക്ടർ (ATMA) | പ്രിൻസിപ്പൽ കൃഷി ഓഫീസ് | atmatvm@gmail.com | 9383471995 |
| അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസ് | apaotvm@gmail.com | 9383470092 |
| ടെക്നിക്കൽ അസിസ്റ്റന്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസ് | tapaotvm@gmail.com | 9383470091 |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ (QC) | പ്രിൻസിപ്പൽ കൃഷി ഓഫീസ് | | 9383470095 |
| കൃഷി ഭവൻ , കുടപ്പനക്കുന്ന് | കുടപ്പനക്കുന്ന് , തിരുവനന്തപുരം | kbkudappanakunnu@gmail.com | 0472-2731322, 9383470154 (കൃഷി ഓഫീസർ ) |
| കൃഷി ഭവൻ വട്ടിയൂർക്കാവ് | കൃഷി ഭവൻ, വട്ടിയൂർക്കാവ് നെട്ടയം പി ഒ | Krishibhavanvtk@gmail.com | 0472-2367622 9383470157 (കൃഷി ഓഫീസർ |

**അനുബന്ധം 2**

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ.

| ക്രമ നമ്പർ | തസ്തിക (സ്ഥിരം) | എണ്ണം | ഒഴിവുകൾ |
|---|---|---|---|
| 1 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | 1 | നിലവിൽ ഒഴിവില്ല |
| 2 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 7 | നിലവിൽ ഒഴിവില്ല |
| 3 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | നിലവിൽ ഒഴിവില്ല |
| 4 | കൃഷി അസിസ്റ്റന്റ് | 8 | നിലവിൽ ഒഴിവില്ല |
| 5 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | നിലവിൽ ഒഴിവില്ല |
| 6 | അക്കൗണ്ട്സ് ഓഫീസർ | 1 | നിലവിൽ ഒഴിവില്ല |
| 7 | ക്ലർക്ക് | 31 | 8 |
| 8 | എൽ.ജി.എസ് | 9 | 3 |
| 9 | ഡ്രൈവർ | 5 | നിലവിൽ ഒഴിവില്ല |
| 10 | ഡ്യൂപ്ലിക്കേറ്റിങ് ഓപ്പറേറ്റർ | 1 | നിലവിൽ ഒഴിവില്ല |
| 11 | പാർട്ട് ടൈം സ്വീപ്പർ | 2 | നിലവിൽ ഒഴിവില്ല |
| 12 | ജൂനിയർ സൂപ്രണ്ട് | 7 | നിലവിൽ ഒഴിവില്ല |
| 13 | ഹെഡ് ക്ലർക്ക് | 1 | നിലവിൽ ഒഴിവില്ല |
| 14 | സി.എ | 1 | നിലവിൽ ഒഴിവില്ല |
| 15 | റിസർച്ച് അസിസ്റ്റന്റ് | 1 | നിലവിൽ ഒഴിവില്ല |
| 16 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | 1 | നിലവിൽ ഒഴിവില്ല |
| 17 | ടൈപ്പിസ്റ്റ് | 5 | നിലവിൽ ഒഴിവില്ല |
| 18 | ക്ലർക്ക്/ടൈപ്പിസ്റ്റ് | 1 | നിലവിൽ ഒഴിവില്ല |
| 19 | വർക്ക് സൂപ്രണ്ട് | 3 | 1 |
| 20 | കൃഷി ഓഫീസർ | 2 | നിലവിൽ ഒഴിവില്ല |

**അനുബന്ധം 3**

**<u>വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധ പദ്ധതികളുടെ ഭാഗമായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ</u>**

| ക്രമ നമ്പർ | പദ്ധതി യുടെ പേര് , | തസ്തിക | എണ്ണം | |
|---|---|---|---|---|
| 1 | പച്ചക്കറി വികസന പദ്ധതി | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 2 | കരാർ അടിസ്ഥാനത്തിൽ |
| 2 | ആത്മ | ഡി ടി എച് എം | 3 | കരാർ അടിസ്ഥാനത്തിൽ |
| 3 | സ്ട്രെങ്തനിങ് ഓഫ് അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ( NEGP) | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 1 | കരാർ അടിസ്ഥാനത്തിൽ |
| 4 | ക്രോപ് ഹെൽത്ത് മാനേജ്മെന്റ് | DPHM | 1 | കരാർ അടിസ്ഥാനത്തിൽ |
| 5 | സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ | ഫീൽഡ് കോൺസൾറ്റൻറ് | 1 | കരാർ അടിസ്ഥാനത്തിൽ |
| | | ഡ്രൈവർ | 1 | കരാർ അടിസ്ഥാനത്തിൽ |
| 6 | പി.എം.കിസാൻ | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 1 | കരാർ അടിസ്ഥാനത്തിൽ |
| 7 | ഓർഗാനിക് ഫാർമിംഗ് | ടെക്നോളജി മാനേജർ | 1 | കരാർ അടിസ്ഥാനത്തിൽ |
| | | ഫെസിലിറ്റേറ്റർ | 1 | കരാർ അടിസ്ഥാനത്തിൽ |

**അനുബന്ധം 4**

## 1) പ്രിൻസിപ്പൽ കൃഷി ഓഫീസ് മുഖാന്തിരം നിലവിൽ ലഭ്യമാക്കുന്ന സേവനങ്ങൾ.

തിരുവനന്തപുരം ജില്ലാ തലത്തിലുള്ള കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും വഹി ക്കുന്നത് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസാണ്. ജില്ലാ തലത്തിലുള്ള ഭരണാധികാരം പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിക്ഷിപ്തമാണ്. ജില്ലയിലെ കൃഷി വകുപ്പ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പദ്ധതികളുടെ നടത്തി പ്പിന്റെ മേൽനോട്ടം, അവലോകനം എന്നിവ നിർവ്വഹിക്കുന്നു. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിലുള്ള കാർഷിക പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹി ക്കുന്നതോടൊപ്പം ജില്ലയിലെ സ്ഥാപ നങ്ങളുടെ സാങ്കേതിക സാമ്പത്തിക, ഭരണ ഓഡിറ്റ് സംബന്ധമായ വിവരങ്ങൾ കൃഷി ഡയറക്ടറെ അറിയിക്കുന്ന ചുമതലയും നിർവ്വഹിക്കുന്നു. ജില്ലാ പഞ്ചായത്ത് പദ്ധതികൾ, ആത്മ കാർഷിക വിജ്ഞാന വ്യാപന പ്രവർത്തികൾ, വളം കീടനാശിനി ഡീലർമാർക്കുള്ള ലൈസൻസ് വിതരണം തുടങ്ങിയവയും ജില്ലാ കൃഷി ഓഫീസ് മുഖാന്തിരം നടപ്പിലാക്കി വരുന്നു.

## 2. കൃഷി ഭവൻ മുഖാന്തിരം നൽകുന്ന സേവന വിവരങ്ങൾ

| ക്രമ നമ്പർ | സേവനത്തിന്റെ തരം | സേവനം | സമയ പരിധി |
|---|---|---|---|
| 1 | കാർഷികോപദേശങ്ങൾ | സാങ്കേതികമായ പ്രശ്നപരിഹാരത്തിനുള്ള കൃഷി സ്ഥല സന്ദർശനം | 5 ദിവസം |
| 2 | കാർഷികോപദേശങ്ങൾ | രൂക്ഷമായി പൊട്ടിപ്പുറപ്പെടുന്ന കീടരോഗാക്രമണത്തിനുള്ള ഉപദേശ സേവനം | 8 മണിക്കൂർ |
| 3 | കാർഷികോപദേശങ്ങൾ | സാങ്കേതികമായ ഉപദേശത്തിന് കൃഷിഭവൻ സന്ദർശിക്കുന്ന കർഷകർക്കുള്ള സേവനം | 2 മണിക്കൂർ |
| 4 | കാർഷികോപദേശങ്ങൾ | ആത്മ പദ്ധതി മുഖേന എല്ലാ ജില്ലകളിലും/ലീഡ്സ് പദ്ധതി മുഖേന തെരെഞ്ഞെടുത്ത ജില്ലകളിലും കർഷകർക്ക് സാങ്കേതിക ഉപദേശം. | അടിയന്തിര ഘട്ടത്തിൽ കർഷകർ ആവശ്യപ്പെട്ട് 48 മണിക്കൂറിനുള്ളിലും മാസത്തിലൊരിക്കലുള്ള സ്ഥിരമായ സന്ദർശന വേളയിലും. |
| 5 | കാർഷിക സഹായ സേവനങ്ങൾ | കസ്റ്റം-ഹയറിംഗ് സെന്ററുകൾ മുഖേന ലഭ്യമാകുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം | 3 ദിവസം |
| 6 | കാർഷിക സഹായ | തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ | 3 ദിവസം |

| | | | |
|---|---|---|---|
| | സേവനങ്ങൾ | പുതുതായി സ്ഥാപിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന ലഭ്യമാകുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം. | |
| 7 | മണ്ണ് പരിശോധന ലാബുകൾ | കർഷകർ മണ്ണ സാമ്പിളുകൾ നേരിട്ട് കൃഷി ഭവനിൽ പരിശോധനയ്ക്ക് നൽകുമ്പോൾ | 30 ദിവസം |
| 8 | മണ്ണ് പരിശോധന ലാബുകൾ | കർഷകർ മണ്ണ സാമ്പിളുകൾ നേരിട്ട് പരിശോധനയ്ക്ക് മണ്ണ പരിശോധനാ ലാബുകളിൽ നൽകുമ്പോൾ | 7 ദിവസം |
| 9 | ഉത്പാദനോപാധികളുടെ ലഭ്യത | കൃഷിഭവൻ മുഖേനയുള്ള വിത്ത് / നടീൽ വസ്തുക്കളുടെ വിതരണം / വിൽപ്പന | കൃഷിഭവനിലുള്ള ലഭ്യത അനുസരിച്ച് ഉടൻ സേവനം കൃഷിഭവനിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാകുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം) |
| 10 | ഉത്പാദനോപാധികളുടെ ലഭ്യത | കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടം മുഖേന വിത്ത്/നടീൽ വസ്തുക്കളുടെ വിൽപ്പന | കൃഷിത്തോട്ടത്തിലെ ലഭ്യത അനുസരിച്ച് ഉടൻ സേവനം കൃഷിത്തോട്ടത്തിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാകുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം) |
| 11 | ഉത്പാദനോപാധികളുടെ ലഭ്യത | വിത്ത് ഗുണമേന്മ പരിശോധന (കൃഷിഭവൻ/വിത്തു പരിശോധനാ ശാലയിൽ നൽകുന്ന സാമ്പിളുകൾ) | 30 ദിവസം |
| 12 | മറ്റു സേവനങ്ങൾ | അനുമതി ലഭിച്ച പദ്ധതികൾ മുഖേന അർഹതപ്പെട്ട കർഷകനുള്ള ധനസഹായം | കൃഷി ഭവനിൽ കർഷകർ ക്ലെയിം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്ക് ശേഷം 30 ദിവസത്തിനകം |
| 13 | മറ്റു സേവനങ്ങൾ | ജലസേചനം ആവശ്യത്തിന് അർഹതപ്പെട്ട കർഷകന് വൈദ്യുതി കണക്ഷൻ | 5 ദിവസം |

| | | | |
|---|---|---|---|
| | | ലഭിക്കുന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് | |
| 14 | മറ്റു സേവനങ്ങൾ | കൂട്ടുരാസവളം, ജീവാണുവളം എന്നിവയുടെ നിർമ്മാണ ലൈസൻസ്. | 45 ദിവസം |
| 15 | മറ്റു സേവനങ്ങൾ | കൂട്ടുരാസവളം/ ജീവാണുവളം/രാസവളം എന്നിവയുടെ ജില്ലാതല മൊത്തവിതരണത്തിനുള്ള ലൈസൻസ്. | 30 ദിവസം |
| 16 | മറ്റു സേവനങ്ങൾ | കീടനാശിനി /ജൈവകീടനാശിനി /ബയോകൺട്രോൾ ഏജന്റ്/ജൈവവള നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ലൈസൻസും മൊത്തവിതരണത്തിനുള്ള ലൈസൻസും. | 45 ദിവസം |
| 17 | മറ്റു സേവനങ്ങൾ | കീടനാശിനി /ജൈവകീടനാശിനി /ബയോകൺട്രോൾ ഏജന്റ്/ജൈവവളം എന്നിവയുടെ ജില്ലാതല വിതരണത്തിനുള്ള ലൈസൻസ്. | 45 ദിവസം |
| 18 | മറ്റു സേവനങ്ങൾ | സ്വകാര്യ നഴ്സറികൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് | 45 ദിവസം |
| 19 | മറ്റു സേവനങ്ങൾ | വിള ഇൻഷുറൻസ് പോളിസി നൽകൽ | 30 ദിവസം |
| 20 | മറ്റു സേവനങ്ങൾ | പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പ്രാഥമിക അന്വേഷണ റിപ്പോർട്ട് (FIR) | 30 ദിവസം |
| 21 | മറ്റു സേവനങ്ങൾ | കാർഷികോൽപന്നങ്ങളുടെ സംഭരണം, വില, വിസ്തൃതി, കാർഷികോൽപ്പന്നങ്ങളുടെ ലഭ്യത എന്നിവ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകൽ | 3 ദിവസം |
| 22 | മറ്റു സേവനങ്ങൾ | പെൻഷൻ പദ്ധതി, കർഷക രജിസ്ട്രേഷൻ | 30 ദിവസം |

## 3. കൃഷി ഭവനുകൾ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ ലഭ്യമാക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാ ക്കേണ്ട രേഖകൾ

- കർഷകൻ AIMS  പോർട്ടലിൽ രജിസ്റ്റർ ചെയ്തിരിക്കണം
- ഭൂമിയുടെ കരം രസീത്/കൈവശവകാശ സർട്ടിഫിക്കറ്റ്
- ആധാർ കാർഡ് വിവരങ്ങൾ
- ബാങ്ക് അക്കൗണ്ട് വിവരങ്ങൾ
- പാട്ടകർഷകർക്ക് സർക്കാർ ഉത്തരവ് (കൈ) നമ്പർ. 93/2022 അഗ്രി തീയതി 29/10/2022 പ്രകാരം ഹ്രസ്വകാല വാർഷിക വിളകൾക്ക് സംസ്ഥാന കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നികുതി രസീതിന്റെ പകർപ്പ്, വാടകകരാറിന്റെ പകർപ്പ് എന്നിവ ലഭ്യമില്ലാത്ത സാഹചര്യത്തിൽ കർഷകന്റെ സത്യപ്രസ്താവനയിൽ കൃഷി ഓഫീസർ / അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ, അതാത് പ്രദേശത്തെ വാർഡ് കൗൺസിലർ/ മെമ്പർ സംയുക്ത പരിശോധന നടത്തി പ്രസ്തുത പരിശോധന റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി സംസ്ഥാന കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.